**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1287** **12-02-2025 - ൽ മറുപടിയ്ക്ക്**

**പൊതു മരാമത്ത് പ്രവൃത്തികളിലെ കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് റോഡുകളിൽ കെ.എസ്.ഇ.ബി. ലൈൻ വലിക്കുമ്പോൾ പൊതുമരാമത്ത് വകുപ്പിന്റെ മുൻകൂർ അനുമതി വാങ്ങാറുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ കെ.എസ്.ഇ.ബി ലൈൻ വലിക്കുമ്പോൾ മുൻകൂർ അനുമതി വാങ്ങാറില്ല. ഇതുമായി ബന്ധപ്പെട്ട cable laying, post മാറ്റൽ, transformer സ്ഥാപിക്കൽ എന്നിവയുമായി ബന്ധപ്പെട്ട് റോഡ് കട്ടിംഗ് ആവശ്യമായവയ്ക്ക് ROW portal വഴി അപേക്ഷ നൽകി നിലവിലുള്ള ഉത്തരവുകൾ പ്രകാരം അനുമതി നൽകാറുണ്ട്. |
| (ബി) | റോഡിന്റെ നവീകരണ പ്രവൃത്തികൾ നടത്തുമ്പോൾ പോസ്റ്റുകളും യു.ജി. കേബിളുകളും മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി യ്ക്ക് വരുന്ന ചെലവ് പൊതുമരാമത്ത് വകുപ്പാണോ വഹിയ്ക്കുന്നത് ; ഇത്തരം പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ കാലതാമസം വരുന്നത് പൊതുമരാമത്ത് പ്രവൃത്തികൾ വൈകാൻ ഇടയാക്കുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | നിലവിൽ post കളും UG cable കളും മറ്റും മാറ്റി സ്ഥാപിക്കുന്നതിന് KSEB ക്ക് വരുന്ന ചെലവ് ഭരണാനുമതി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് കരാറുകാരനെക്കൊണ്ട് KSEB യ്ക്ക് ഒടുക്കി KSEB മുഖേനയാണ് ചെയ്തു വരുന്നത്. ടി തുക കോൺട്രാക്ടറിന് ബിൽ തുകയോടൊപ്പം നൽകുകയാണ് ചെയ്തു വരുന്നത്.<br><br>ഇത്തരം പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ KSEB അധികാരികളെ അറിയിച്ച് രണ്ട് വകുപ്പ് ഉദ്യോഗസ്ഥരും സംയുക്തമായി കൂടിയാലോചന നടത്തി നടപടികൾ സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ